"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം എഴുകോൺ വി.എസ്.എച്ച്.എസ്.ലെ മാനേജർ സമർപ്പിച്ച ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2550/2023/GEDN തീയതി, തിരുവനന്തപുരം, 24-04-2023

---

പരാമർശം:- 1 . കൊല്ലം എഴുകോൺ വി.എസ്.എച്ച്.എസ്.ലെ മാനേജർ സമർപ്പിച്ച 1.7.2020- ലെ ഹർജി

2. ശ്രീമതി.നിഷ ആർ. സമർപ്പിച്ച 6.10.2021- ലെ അപേക്ഷ

3.കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 1.9.2022-ലെ B5/7047/2021 നമ്പർ കത്ത്

4.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24.9.2022-ലെ ET1/2579/2021/DGE നമ്പർ കത്ത്

5.കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 26.10.2022-ലെ DDEKLM/3194/2022-B4 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം എഴുകോൺ വി.എസ്.എച്ച്.എസ്.ലെ മാനേജർ സമർപ്പിച്ച പരാമർശം (1) ഹർജി തീർപ്പാക്കും മുൻപ്, തന്നെ കൂടി നേരിൽ കേൾക്കണമെന്ന് സ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി.നിഷ ആർ. പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 27/10/2022-ൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയുണ്ടായി.

2) **ഹർജിക്കാരിയായ ശ്രീമതി.നിഷ ആർ.നും മാനേജർക്കും വേണ്ടി ഹാജരായ പ്രതിനിധി താഴെപ്പറയും പ്രകാരം ബോധിപ്പിച്ചു.**

എഴുകോൺ വി.എസ്.എച്ച്.എസ്.ലെ യു.പി.എസ്.എ. ആയിരുന്ന ശ്രീമതി.ഗീതാഭായ് J.B. 31/03/2017-ൽ വിരമിച്ച ഒഴിവിലാണ് ശ്രീമതി.നിഷ ആർ . നെ 01.06.2017 മുതൽ നിയമിച്ചത്.

ശ്രീമതി.നിഷ ആർ.ന്റെ നിയമനം കൊട്ടാരക്കര ഡി.ഇ.ഒ. നിരസിച്ചു. മാത്രമല്ല, ഈ സ്കൂളിൽ 01.06.1998 മുതൽ എച്ച്.എസ്.എ. (നാച്വറൽ സയൻസ്) തസ്തികയിൽ നിയമനാംഗീകാരം ലഭിച്ച് തുടർന്നു വന്നതും, 15.07.2006 മുതൽ തസ്തിക നഷ്ടം വന്ന് പുറത്താവുകയും തുടർന്ന് അധ്യാപക പാക്കേജ് വഴി CRC കോ-ഓർഡിനേറ്ററായി കണ്ടറ BRC-യിൽ നിയമിക്കപ്പെട്ട് ജോലി നോക്കി വന്ന സംരക്ഷിതാധ്യാപകനായ ശ്രീമാൻ ജോർജ് മാത്യുവിനെ ശ്രീമതി.നിഷ ആർ.നെ നിയമിച്ചിരുന്ന തസ്തികയിലേക്ക് തിരികെ വിളിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറോട് ശിപാർശ ചെയ്യുകയും ചെയ്തു. അതിന്റെ ഫലമായി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 03.08.2017-ലെ ബി1/12328/2015-നമ്പർ നടപടി ഉത്തരവു പ്രകാരം ശ്രീ.ജോർജ് മാത്യുവിനെ എഴുകോൺ വി.എസ്.എച്ച്.എസ്.ലേക്ക് തിരികെ വിളിച്ച് നിയമിച്ചു.

ഈ നടപടിക്കെതിരെ ഗവൺമെന്റിൽ റിവിഷൻ അപ്പീൽ സമർപ്പിക്കുകയും, 28.11.2019-ലെ സ.ഉ.(സാധാ)നം.5188/2019/പൊ.വി.വ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തു. ടി ഉത്തരവ് പ്രകാരം എച്ച്.എസ്.ടി (എൻ.എസ്) തസ്തികയിൽ നിൽക്കവെ തസ്തിക നഷ്ടം സംഭവിച്ച് പുറത്തായ ശ്രീ.ജോർജ്ജ് മാത്യുവിനെ B R C യിൽ CRC Co-ordinator / H S A ആയിത്തന്നെ നിയമനം നൽകിയിട്ടുള്ളതിനാലും 23.08.2018-ലെ സ.ഉ. (കൈ) നം. 119/2018/പൊ.വി.വ പ്രകാരം 29.01.2016 മുതൽ സംരക്ഷിതാധ്യാപകൻ എന്ന പദവിയിൽ തുടരുന്നതിനാൽ ടിയാളെ 31.03.2017-ൽ ഉണ്ടായ പെൻഷൻ ഒഴിവിൽ യു.പി.എസ്.എ ആയി തിരികെ വിളിച്ചു നിയമിച്ച ഉത്തരവ് റദ്ദാക്കുകയും പ്രസ്തുത സ്കൂൾ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളാണെന്നത് ഉറപ്പു വരുത്തിയശേഷം 01.06.2017 മുതൽ നിയമിതയായ ശ്രീമതി.നിഷയ്ക്ക് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകാരം നൽകാൻ കൊട്ടാരക്കര ഡി.ഇ.ഒ യ്ക്ക് നിർദ്ദേശം നൽകി.

ടി സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ശ്രീമതി.നിഷ ആർ.ന്റെ നിയമനം അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ കൊട്ടാരക്കര ഡി.ഇ.ഒ.യ്ക്ക് പുന:സമർപ്പിച്ചു. ശ്രീ.ജോർജ്ജ് മാത്യുവിനെ യു.പി.എസ്.റ്റി തസ്തികയിൽ തിരികെ വിളിച്ചു നിയമിച്ച നടപടി സർക്കാർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുണ്ടെങ്കിലും ടി അധ്യാപകൻ വേലവിലക്കിൽ തുടരുന്നതിനാൽ ടിയാളെ പുന:പ്രവേശിപ്പിച്ച് യു.പി.എസ്.റ്റി തസ്തികയിൽ നിന്നും മാറ്റി നിയമിച്ചെങ്കിൽ മാത്രമേ ഒഴിവു സ്ഥാപിതമാവുകയുള്ളു. ഇപ്പോൾ ഒഴിവു സ്ഥാപിതമല്ലാത്തതിനാൽ നിയമനം അംഗീകരിക്കുവാൻ കഴിയുകയില്ല എന്ന കാരണം ഉന്നയിച്ചുകൊണ്ട് പുന:സമർപ്പിക്കപ്പെട്ട നിയമന പ്രൊപ്പോസൽ കൊട്ടാരക്കര ഡി.ഇ.ഒ 23.03.2020-ലെ B5/15748/2020 നടപടി ഉത്തരവു പ്രകാരം നിരസിച്ചു. ഈ നടപടിയ്ക്കെതിരെയാണ് 01.07.2020-ലെ നിവേദനം സമർപ്പിച്ചത്.

ശ്രീ.ജോർജ്ജ് മാത്യു സ്കൂളിലെ പെൺകുട്ടികളോട് മോശമായി പെരുമാറി എന്ന് പരാതി ലഭിച്ചതിനെ തുടർന്ന് ടിയാളെ പോലീസ് അറസ്റ്റ് ചെയ്യുകയും റിമാൻഡിലാവുകയും ചെയ്ത സാഹചര്യത്തിൽ, കെ.ഇ.ആർ അധ്യായം XIVA ചട്ടം 67 പ്രകാരം 02.12.2019 മുതൽ ടിയാളെ സസ്പെൻഡ് ചെയ്തിരുന്നു. റിമാൻഡിലായിരുന്ന ടിയാൾക്ക് ബഹു.കേരളാ ഹൈക്കോടതിയിൽ നിന്നും

ജാമ്യം ലഭിച്ച് 09.01.2020-ൽ പുറത്തിറങ്ങി. തുടർന്ന് 24.11.2021-ലെ B4/5353/2020 നടപടി ഉത്തരവ് പ്രകാരം ടിയാളെ സേവനത്തിൽ പുന:പ്രവേശിപ്പിക്കുവാൻ കൊല്ലം ഡി.ഡി. നിർദ്ദേശം നൽ കിയതിനാൽ 03.12.2021-ലെ ഉത്തരവ് പ്രകാരം ടിയാൾക്കെതിരെയുള്ള സസ്പെൻഷൻ പിൻവലിക്കുകയും കൊല്ലം S.S.K ആഫീസിന് കീഴിലുള്ള കൊല്ലം BRC-യിൽ CRC Co-ordinator ആയി നിയമിക്കുകയും 17.12.2021 പ്രാബല്യത്തിൽ അവിടെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

28.11.2019-ലെ സ.ഉ.(സാധാ) നം.5188/2019/പൊ.വി.വ പ്രകാരം ശ്രീ.ജോർജ്ജ് മാത്യുവിനെ, സ്കൂളിൽ യു.പി.എസ്.എ ആയി നിയമിച്ച നടപടി റദ്ദു ചെയ്ത സാഹചര്യത്തിൽ ടിയാൾക്ക് മാറ്റി നിയമനം നൽകാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ലായെന്ന അടിസ്ഥാനമില്ലാത്ത ഒരു കാരണം കണ്ടെത്തി ശ്രീമതി നിഷയുടെ നിയമനം അംഗീകരിക്കണമെന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കാത്ത കൊട്ടാരക്കര ഡി.ഇ.ഒ.യുടെ നടപടി ഖേദകരമാണെന്നേ പറയുന്നുള്ളു. 01.06.2017 മുതൽ നിയമനാംഗീകാരം ലഭിക്കാതെ തുടരുന്ന ഒരധ്യാപികയോട് കാട്ടുന്ന കടുത്ത അനീതിയാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരന്വേഷണം പൊതുവിദ്യഭ്യാസ ഡയറക്ടറാഫീസിൽ നിന്നും കൊട്ടാരക്കര ഡി.ഇ.ഒ.യിൽ നടത്തിയിരുന്നു. ടി അന്വേഷണത്തിൽ ശ്രീമതി.നിഷ ആർ.നെയും പങ്കെടുപ്പിച്ചിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസിൽ നിന്നു വന്ന ഉദ്യോഗസ്ഥരും ഡി.ഇ.ഒ.യിലെ ഉദ്യോഗസ്ഥരും കൂടി ചേർന്ന് ശ്രീമതിനിഷയെ മാനസികമായി വളരെ സമ്മർദ്ദത്തിലാക്കിയ അനുഭവമാണ് അന്വേഷണത്തിലുണ്ടായത്. ശ്രീമതി.നിഷയ്ക്ക് ടി തസ്തികയ്ക്ക് അവകാശം ഇല്ലെന്നും ശ്രീമതി.റേച്ചൽ C.V. എന്ന മറ്റൊരു അധ്യാപികയ്ക്കാണ് ടി തസ്തികയ്ക്ക് അവകാശം എന്നും വസ്തുതാവിരുദ്ധവും ഏകപക്ഷീയവുമായ ഒരു നിലപാട് ടി അന്വേഷണത്തിൽ എടുക്കുന്നതാണ് കണ്ടത്.

എഴുകോൺ വി.എസ്.എച്ച്.എസ് ഒരു സംസ്കൃത ഓറിയന്റൽ സ്കൂളായിട്ടാണ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് 11.01.2000-ലെ സർക്കാർ ഉത്തരവു പ്രകാരം ഈ സ്കൂളിൽ മലയാളം പാരലൽ ഡിവിഷൻ അനുവദിക്കുകയും ടി പാരലൽ ഡിവിഷനുകളിലെ അധ്യാപകരായി ശ്രീമതി.നിഷ ആർ., ശ്രീമതി റേച്ചൽ C.V. എന്നിവരുൾപ്പെടെ ഏതാനും അധ്യാപകരെ നിയമിച്ചിരുന്നു.

എന്നാൽ സർക്കാർ ഉത്തരവിലെ പ്രതികൂലമായ ചില വ്യവസ്ഥകൾ മൂലം മലയാളം പാരലൽ ഡിവിഷനിലെ തസ്തികകൾ അനുവദിക്കുകയോ അധ്യാപകരുടെ നിയമനം അംഗീകരിക്കുകയോ ചെയ്തിരുന്നില്ല. എന്നാൽ മലയാളം പാരലൽ ഡിവിഷനിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം സ്കൂളിലെ മൊത്തം കുട്ടികളായി കണക്കാക്കി തസ്തിക നിർണയ ഉത്തരവുകളിൽ ഉൾപ്പെടുത്തി പോന്നിട്ടുള്ളതും ടി കുട്ടികൾ SSLC പരീക്ഷ എഴുതി പാസായി പോവുകയും ചെയ്തു വന്നു.

നിയമന അംഗീകാരം ലഭിക്കാതെ തുടർന്നു വന്ന ടി അധ്യാപകർ ഗവൺമെന്റിനു നൽകിയ നിവേദനം പരിഗണിച്ച് അവരുടെ നിയമനം 29.01.2016-ലെ GO(P) No. 29/2016/GEdn-ലെ

വ്യവസ്ഥകൾക്ക് വിധേയമായി 01.06.2011 മുതൽ തസ്തിക നിർണയം നടത്തി 01.06.2011 മുതൽ അംഗീകാരം നൽകാൻ കൊട്ടാരക്കര ഡി.ഇ.ഒ.യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് 22.11.2018.ലെ സ.ഉ.(സാധാ) നം.4876/18/പൊ.വി.വ പുറപ്പെടുവിച്ചു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലയാളം പാരലൽ ഡിവിഷനിൽ നിയമിക്കപ്പെട്ട 9 അധ്യാപകരുടെ നിയമനം 01.06.2011 മുതൽ അംഗീകരിച്ചുകൊണ്ട് കൊട്ടാരക്കര ഡി.ഇ.ഒ. 19.08.2019-ലെ നടപടി ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവു പ്രകാരം ശ്രീമതി.നിഷ ആർ. HSA (മാത്സ്)-ന്റെ നിയമനം 01.06.2011 മുതൽ 31.03.2013 വരെ പരിമിതപ്പെടുത്തിയും ശ്രീമതി റെയ്ച്ചൽ.C.V യു.പി.എസ്.എ.യുടെ നിയമനം 01.06.2011 മുതൽ 31.03.2016 വരെയും പരിമിതപ്പെടുത്തിയുമാണ് അംഗീകരിച്ചത്. മറ്റ് ഏഴ് അധ്യാപകരുടെ നിയമനവും ഇതുപോലെ പരിമിതപ്പെടുത്തിയാണ് അംഗീകരിച്ചത്. ഇതിനെതിരെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു. ടി അപ്പീൽ പരിഗണിച്ച വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ച 24.07.2020-ലെ നടപടി ഉത്തരവു പ്രകാരം ശ്രീമതി നിഷ ആർ.ന്റെ നിയമനം 01.06.2011 മുതൽ 14.07.2014 വരെയും ശ്രീമതി റെയ്ച്ചൽ C.V.യുടെ നിയമനം 01.06.2011 മുതൽ 14.07.2015 വരെയും പരിമിതപ്പെടുത്തി ഉത്തരവുണ്ടായി.

01.06.2011 മുതൽ തുടർച്ചയായി നിയമനാംഗീകാരം നൽകണമെന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി നിയമനം പരിമിതപ്പെടുത്തി അംഗീകരിച്ച നടപടിക്കെതിരെയുള്ള റിവിഷൻ അപ്പീൽ സർക്കാർ പരിഗണനയിലാണ്. ശ്രീമതി.നിഷ ആർ., ശ്രീമതി.റെയ്ച്ചൽ C.V. എന്നിവർ മലയാളം പാരലൽ ഡിവിഷൻ അധ്യാപകരായി നിയമിക്കപ്പെട്ട് നിയമനാംഗീകാരം ലഭിക്കാതെ തുടരുന്ന സാഹചര്യത്തിലാണ് 31.03.2017-ൽ ശ്രീമതി.ഗീതാഭായി എന്ന അധ്യാപിക യു.പി.എസ്.എ. തസ്തികയിൽ നിന്നും വിരമിക്കുന്നത്. ശ്രീമതി.റെയ്ച്ചൽ C.V.യുടെ ജനനതീയതി 23.04.1975 ആയതിനാൽ 22.04.2015-ൽ 4 0 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ 01.06.2017 മുതൽ യു.പി.എസ്.എ. ആയി നിയമിക്കുന്നതിന് പ്രായപരിധി കഴിഞ്ഞിരുന്നതിനാൽ നിയമിക്കപ്പെടാനുള്ള യോഗ്യതയില്ലെന്നു മനസിലാക്കിയാണ് ശ്രീമതി.നിഷ ആർ.നെ 01.06.201 7 മുതൽ നിയമിക്കുന്നത്. ടിയാളുടെ ജനനതീയതി 20.05.1978 ആയതിനാൽ 01.06.2017 മുതലുള്ള ഒഴിവിൽ നിയമിക്കപ്പെട്ടില്ലായെങ്കിൽ 2018-ൽ പ്രായപരിധി കഴിയുന്നതിനാൽ മറ്റൊരു നിയമനം ലഭിക്കില്ലായെന്ന പരിഗണനയിൽ ടിയാളെ 01.06.2017 മുതൽ നിയമിക്കുകയായിരുന്നു.

ശ്രീമതി.നിഷ ആർ.നെ 01.06.2017 മുതൽ യു.പി.എസ്.എ. ആയി നിയമിച്ചതിനു ശേഷമാണ് മലയാളം പാരലൽ ഡിവിഷനിൽ തസ്തികകൾ അനുവദിച്ച് നിയമനങ്ങൾ 01.06.2011 മുതൽ അംഗീകരിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് 22.11.2018-ൽ സർക്കാർ ഉത്തരവുണ്ടാകുന്നതും നിയമനങ്ങൾ പരിമിതപ്പെടുത്തി അംഗീകരിക്കുന്നതും. നിലവിൽ ലഭിച്ച അംഗീകാരം അനുസരിച്ച് ശ്രീമതി.നിഷ 15.07.2014 മുതൽ പുറത്തായ സ്ഥിതിയും ശ്രീമതി.റെയ്ച്ചൽ 15.07.2015-ൽ പുറത്തായ സ്ഥിതിയുമാണ്. 01.06.2011 മുതൽ 14.07.2015 വരെ നിയമനാംഗികാരം ലഭിച്ച ശ്രീമതി.റെയ്ച്ചൽ C.V. ഒരു 51 A അവകാശി എന്ന നിലയിൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിച്ചതിനാൽ ഈ സ്കൂളിലെ മറ്റൊരു UPST ആയിരുന്ന ശ്രീമതി കുമാരി.ബി അനില 31.03.2021-ൽ പെൻഷനായ ഒഴിവിൽ ശ്രീമതി.റെയ്ച്ചൽ

C.V.യെ 15.07.2021 മുതൽ നിയമിക്കുകയും ജോലി ചെയ്തു വരികയും ചെയ്യുന്നു. 2016-2017 വർഷം ആകെ 142 കുട്ടികളും 2017-2018 വർഷം ആകെ 110 കുട്ടികളും സ്കൂളിലുള്ളതിനാൽ ക്ലാസ് ശരാശരി 15-ൽ കൂടുതലുള്ളതിനാൽ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളുകളുടെ ഗണത്തിൽ ഈ സ്കൂളും കണക്കാക്കാവുന്നതാണ്. അതിനാൽ ശ്രീമതി.നിഷ ആർ.ന്റെ നിയമനം അംഗീകരിക്കുന്നതിന് തടസ്സമില്ല.

ശ്രീ.ജോർജ്ജ് മാത്യുവിന്റെ യു.പി.എസ്.എ ആയിട്ടുള്ള നിയമനം സർക്കാർ റദ്ദ് ചെയ്തിട്ടുള്ളതിനാൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ലായെന്ന കൊട്ടാരക്കര ഡി.ഇ.ഒ.യുടെ നിലപാട് നിലനിൽക്കത്തക്കതല്ല.

മേൽ വിവരിച്ച വസ്തുതകൾ പരിഗണിച്ച് ശ്രീമതി.നിഷ ആർ.ന്റെ യു.പി.എസ്.റ്റി ആയിട്ടുള്ള നിയമനം 01.06.2017 മുതൽ അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

3)<u>വിദ്യാഭ്യാസ ഉപഡയറക്ടറുടേയും പൊതുവിദ്യഭ്യാസ ഡയറക്ടറുടേയും റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.</u>

കൊല്ലം എഴുകോൺ വി.എസ്.എച്ച്.എസ് ഓറിയന്റൽ വിഭാഗത്തിൽപ്പെട്ട സംസ്കൃതം സ്കൂളാണ് . സ്കൂളിലെ യു.പി.എസ്എ ആയിരുന്ന ശ്രീമതി.ഗീതാഭായ് J.B. 31/03/2017-ൽ വിരമിച്ച ഒഴിവിലാണ് ശ്രീമതി.നിഷ ആർ . നെ 01.06.2017 മുതൽ മാനേജർ നിയമിച്ചത്. ടി സ്കൂളിൽ എച്ച്.എസ്.റ്റി. (എൻ.എസ്. ) തസ്തികയിൽ 01/06/1998 മുതൽ നിയമനാംഗീകാരം ലഭിച്ച് തുടർന്ന് വരവെ 16/07/2006-ൽ തസ്തിക നഷ്ടം മൂലം പുറത്താവുകയും തുടർന്ന് ടീച്ചേഴ്സ് പാക്കേജിൽ ഉൾപ്പെട്ട് സി.ആർ.സി. കോ-ഓർഡിനേറ്ററായി കുണ്ടറ ബി.ആർ.സി.യിൽ ജോലി നോക്കിയിരുന്ന ജോർജ്ജ് മാത്യു എന്ന റിട്രഞ്ച്ഡ് അദ്ധ്യാപകനെ ശ്രീമതി.ജെ.ബി.ഗീതാഭായിയുടെ വിരമിക്കൽ ഒഴിവിൽ തിരികെ വിളിച്ച് യു.പി.എസ്.റ്റി. തസ്തികയിൽ നിയമിക്കണമെന്ന് 2016-17 തസ്തിക നിർണ്ണയ ഉത്തരവിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് ഉത്തരവായതിനെ തുടർന്ന് 03/08/2017-ലെ ബി1/12328/17 ഉത്തരവ് പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. ജോർജ് മാത്യുവിനെ തിരികെ വിളിക്കുകയും ടിയാൻ യു.പി.എസ്.റ്റി. തസ്തികയിൽ ജോയിൻ ചെയ്ത് തുടർന്ന് വരികയുമായിരുന്നു. ടി സാഹചര്യത്തിൽ ശ്രീമതി.നിഷ ആർ.ന്റെ നിയമനം വ്യവസ്ഥാപിത ഒഴിവിന്റെ അഭാവത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് നിരസിക്കുകയുണ്ടായി. ഇതിനെതിരായി സമർപ്പിക്കപ്പെട്ട അപ്പീലുകൾ വിദ്യാഭ്യാസ ഉപഡയറക്ടറും ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചു നൽകി. മാനേജർ സർക്കാരിൽ റിവിഷൻ അപ്പിൽ ഫയൽ ചെയ്യുകയും എച്ച്.എസ്. റ്റി. (എൻ.എസ്.) തസ്തികയിൽ നില നിൽക്കവെ തസ്തിക നഷ്ടം സംഭവിച്ച് പുറത്തായ ശ്രീ. ജോർജ്ജ് മാത്യു സംരക്ഷിതാദ്ധ്യാപകന്റെ അവകാശത്തോടെ തുടരുന്ന സാഹചര്യം കണക്കിലെടുത്ത് സ്കൂളിൽ യു. പി.എസ്.റ്റി. തസ്തികയിൽ ഉണ്ടായ ഒഴിവിൽ ടിയാനെ തിരികെ വിളിച്ച് നിയമിക്കണമെന്നുള്ള നിലപാട് തള്ളിക്കൊണ്ട് മതിയായ എണ്ണം കുട്ടികളുള്ള സ്കൂളാണെന്ന് ഉറപ്പ് വരുത്തിയ ശേഷം 01/06/2017 മുതലുള്ള ശ്രീമതി നിഷ ആർ.ന്റെ യു.പി.എസ്.റ്റി. തസ്തികയിലെ നിയമനം മറ്റ് വിധത്തിൽ

ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നൽകാൻ 28/11/2019-ലെ സ.ഉ.(സാധാ) നമ്പർ 5188/2019/പൊ.വി.വ. പ്രകാരം ഉത്തരവാകുകയുണ്ടായി. ഈ ഉത്തരവ് 16/01/2020-ലാണ് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭ്യമായത്.

ശ്രീ. ജോർജ്ജ് മാത്യു യു.പി.എസ്.റ്റി. ആയി ടി സ്കൂളിൽ തുടർന്ന് വരവെ പോക്സോ നിയമപ്രകാരം റിമാൻ ഡിലാവുകയും 02/12/2019 മുതൽ സസ്പെൻഷനിലാവുകയുമുണ്ടായി. ടിയാന്റെ സസ്പെൻഷൻ റദ്ദാക്കി തിരികെ പ്രവേശിച്ച് ടിയാനെ പുനർവിന്യസിച്ചെങ്കിൽ മാത്രമേ ശ്രീമതി.നിഷയെ നിയമിച്ച യു.പി.എസ്.റ്റി. തസ്തികയിലെ ഒഴിവ് വ്യവസ്ഥാപിതമാകുമായിരുന്നുള്ളൂ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.നിഷയുടെ നിയമന പ്രൊപ്പോസൽ മാനേജർ സമർപ്പിച്ചെങ്കിലും ഒഴിവ് വ്യവസ്ഥാപിതമാകാത്തതിനാൽ പരിഗണിക്കാൻ കഴിഞ്ഞില്ല. 12/01/2021-ലെ ബി1/21/21/പൊ.വി.വ. സർക്കാർ കത്തിന്റെ വെളിച്ചത്തിൽ പൊതുവിദ്യഭ്യാസ ഡയറക്ടർ 10/03/2021-ൽ റിപ്പോർട്ട് ആവശ്യപ്പെടുകയും 16/04/2021-ലെ ബി5/1259/21 കത്ത് പ്രകാരം മേൽ വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ശ്രീമതി.നിഷ ആർ.ന്റെ നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടറോട് സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് 06/05/2020-ലെ ബി1/4508/2020 കത്ത് പ്രകാരം ശ്രീ. ജോർജ് മാത്യവിന്റെ സസ്പെൻഷൻ പിൻവലിച്ച് മാനേജരുടെ ഉത്തരവുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടിയാളെ പുനർവിന്യസിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശം നൽകുകയുണ്ടായി.

ശ്രീ.ജോർജ് മാത്യു, വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ഹർജി സമർപ്പിക്കുകയും വിദ്യാഭ്യാസ ഉപഡയറക്ടറുടെ 24/11/2021-ലെ ബി4/5353/2020 ഉത്തരവിലൂടെ ടിയാന്റെ സസ്പെൻഷൻ പുന:പരിശോധിക്കാൻ മാനേജരോട് നിർദ്ദേശിക്കുകയുമുണ്ടായി. തുടർന്ന് 03/12/2021-ലെ 01/2019-20 ഉത്തരവ് പ്രകാരം മാനേജർ ടിയാളുടെ സസ്പെൻഷൻ റദ്ദ് ചെയ്യുകയുണ്ടായി. മാനേജർ സസ്പെൻഷൻ പിൻവലിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ പുനർവിന്യസിക്കാനുള്ള പ്രൊപ്പോസൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കുകയും 10/12/2021-ലെ ബി1/11782/19(2) ഉത്തരവ് പ്രകാരം ശ്രീ. ജോർജ് മാത്യവിനെ കൊല്ലം എസ്.എസ്.കെ.യിൽ ബി.ആർ.സി. കോ-ഓർഡിനേറ്ററായി പുനർവിന്യസിച്ച് ഉത്തരവാകുകയും 17/12/2021-ൽ ടിയാൻ എസ്.എസ്.കെ.യിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. ടി സ്കൂളിലെ സമാന്തര മലയാളം ഡിവിഷനുമായി ബന്ധപ്പെട്ട് 22/11/2018-ലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി.നിഷക്ക് 01/06/2011 മുതൽ 14/07/2014 വരെ എച്ച്.എസ്.റ്റി.(ഗണിതം) തസ്തികയിൽ നിയമനാംഗീകാരം നൽകുകയും ടിയാരിയുടെ ഈ കാലയളവിലെ ശമ്പളം മാറി നൽകുകയുമുണ്ടായി. ഈ ഉത്തരവിൽ തന്നെ ചുവടെ ചേർക്കുന്ന യു.പി.എസ്.റ്റി.മാരുടെ നിയമനവും അംഗീകരിച്ച് നൽകുകയുണ്ടായി. ഇവർക്ക് യു.പി.എസ്.റ്റി തസ്തികയിൽ ചട്ടം 51 A അവകാശം ലഭ്യമാക്കുകയുണ്ടായി.

1. ശ്രീമതി.റെയ്ച്ചൽ സി.വി. യു.പി.എസ്.റ്റി തസ്തികയിൽ 01/06/2011 - 14/07/2016 വരെ.

2. ശ്രീമതി.ലതിക കെ. യു.പി.എസ്.റ്റി തസ്തികയിൽ 01/06/2011 മുതൽ 14/07/2014 വരെ.

ശ്രീമതി.നിഷയുടെ 01/06/2017 മുതൽ യു.പി.എസ്.റ്റി ആയുള്ള നിയമനം അംഗീകരിക്കാനുള്ള സർക്കാർ ഉത്തരവിന് ശേഷമാണ് ടി സ്കൂളിലെ മലയാളം സമാന്തര ഡിവിഷനുകളിലെ ശ്രീമതി.നിഷയുടെ എച്ച്.എസ്.റ്റി. (ഗണിതം) തസ്തികയിലെ നിയമനം ഉൾപ്പെടെ അംഗീകരിച്ച് നൽകിയത്. ഈ സമാന്തര ഡിവിഷനുകളിൽ യു.പി.എസ്.റ്റി.മാരായി 01/06/2011 മുതൽ നിയമിതരായ ശ്രീമതി റെയ്ച്ചൽ സി.വി.യും ശ്രീമതി ലതിക കെ.യും യു.പി.എസ്.റ്റി. തസ്തികയിൽ ചട്ടം 51 എ അവകാശികളാണ്. അതിനാൽ തന്നെ 01/06/2017-ലെ യു.പി.എസ്.റ്റി. ഒഴിവിൽ ഇവരെയാണ് പരിഗണിക്കേണ്ടിയിരുന്നത്. ടി സ്കൂളിലെ തന്നെ യു.പി.എസ്.റ്റി. ആയ ശ്രീമതി.അനില ബി.യുടെ വിരമിക്കൽ ഒഴിവിൽ ശ്രീമതി റെയ്ച്ചൽ സി.വി.യെ 15/07/2021 മുതൽ നിയമിച്ച് മാനേജർ പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും 01/06/2017-ലെ നിയമനത്തിനാണ് ടിയാരിയെ പരിഗണിക്കേണ്ടതെന്ന് ചൂണ്ടിക്കാട്ടി പ്രൊപ്പോസൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് നിരസിച്ചിട്ടുള്ളതുമാണ്.

ശ്രീ. ജോർജ്ജ് മാത്യുവിന്റെ സസ്പെൻഷൻ നടപടികൾ പോക്സോ കേസിന്റെ സാഹചര്യത്തിൽ നീണ്ട് പോയതിനാൽ ശ്രീമതി.നിഷയെ നിയമിച്ച യു.പി.എസ്.റ്റി. ഒഴിവ് വ്യവസ്ഥാപിതമായില്ല. ഈ സമയത്താണ് ടി സ്കൂളിലെ സമാന്തര ഡിവിഷനുകൾ സർക്കാർ അംഗീകരിക്കുകയും 01/06/2011 മുതൽ രണ്ട് യു.പി.എസ്.റ്റി.മാരുടെ നിയമനങ്ങൾ അംഗീകരിച്ച് നൽകുകയും ഇവർ യു.പി.എസ്.റ്റി. തസ്തികയിലെ ചട്ടം 51 എ അവകാശികളാവുകയും ചെയ്തത്. ഇവരെ മറികടന്നുള്ള ശ്രീമതി നിഷ ആർ.ന്റെ നിയമനം ചട്ടവിരുദ്ധമായതിനാൽ ടിയാരിയുടെ 01/06/2017 മുതലുള്ള യു.പി.എസ്.റ്റി. തസ്തികയിലെ നിയമനത്തിന് അംഗീകാരം നൽകാനാവുമായിരുന്നില്ല. ഈ വിവരങ്ങൾ പൊതുവിദ്യഭ്യാസ ഡയറക്ടറെയും, വിദ്യാഭ്യാസ ഉപഡയറക്ടറെയും യഥാസമയം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത വിവരം പൊതുവിദ്യഭ്യാസ ഡയറക്ടർ 13/09/2021 തീയതിയിലെ കത്ത് പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നടപ്പിലാക്കാതിരുന്നത് സംബന്ധിച്ച സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിലെ വിജിലൻസ് വിഭാഗം 28/12/2021-ൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അന്വേഷണം നടത്തുകയുണ്ടായി. 2011-12 മുതൽ 2014-15 വരെ അധിക തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് സംരക്ഷണാനുകൂല്യം പ്രഖ്യാപിക്കപ്പെട്ടതിനെ തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05/08/2022-ലെ എച്ച്2/10483/22 ഉത്തരവ് പ്രകാരം ശ്രീമതി നിഷയ്ക്ക് സംരക്ഷണം ലഭ്യമായി ടിയാരിയെ ഇപ്പോൾ എസ്.എസ്.എ.യിൽ പുനർവിന്യസിച്ചിട്ടുള്ളതുമാണ്.

**4.** ഹർജിക്കാരിയുടെയും മാനേജറുടെയും വാദങ്ങളും വിദ്യാഭ്യാസ ഓഫീസർമാർ അറിയിച്ച കാര്യങ്ങളും നിലവിലുള്ള നിയമങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. എഴുകോൺ വി.എസ്.എച്ച്.എസ്.ലെ യു.പി.എസ്.എ. ആയിരുന്ന ശ്രീമതി.ഗീതാഭായ് ജെ.ബി. 31/03/2017-ൽ പെൻഷനിൽ വിരമിച്ച ഒഴിവിലാണ് ശ്രീമതി.നിഷ ആർ. നെ 01.06.2017 മുതൽ

നിയമിച്ചത്.ടി സ്കൂളിൽ എച്ച്.എസ്.റ്റി.(എൻ.എസ്.) തസ്തികയിൽ 01/06/1998 മുതൽ നിയമനാംഗീകാരം ലഭിച്ച് തുടർന്ന് വരവെ 16/0/7/2006-ൽ തസ്തിക നഷ്ടം മൂലം പുറത്താവുകയും തുടർന്ന് ടീച്ചേഴ്സ് പാക്കേജിൽ ഉൾപ്പെട്ട് സി.ആർ.സി. കോ-ഓർഡിനേറ്ററായി കുണ്ടറ ബി.ആർ.സി.യിൽ ജോലി നോക്കിയിരുന്ന ജോർജ്ജ് മാത്യു എന്ന റിട്രഞ്ചഡ് അദ്ധ്യാപകനെ ശ്രീമതി.ജെ.ബി.ഗീതാഭായിയുടെ വിരമിക്കൽ ഒഴിവിൽ തിരികെ വിളിച്ച് യു.പി.എസ്.റ്റി. തസ്തികയിൽ നിയമിക്കണമെന്ന് 2016-17 തസ്തിക നിർണ്ണയ ഉത്തരവിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് ഉത്തരവായതിനെ തുടർന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. ജോർജ് മാത്യുവിനെ തിരികെ വിളിക്കുകയും ടിയാൻ യു.പി.എസ്.റ്റി. തസ്തികയിൽ ജോയിൻ ചെയ്ത് തുടർന്ന് വരികയുമായിരുന്നു. ടി സാഹചര്യത്തിൽ ശ്രീമതി.നിഷ ആർ.ന്റെ നിയമനം വ്യവസ്ഥാപിത ഒഴിവിന്റെ അഭാവത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് നിരസിക്കുകയുണ്ടായി. ഇതിനെതിരായി സമർപ്പിക്കപ്പെട്ട അപ്പീലുകളും നിരസിച്ചതിനാൽ മാനേജർ സർക്കാരിൽ റിവിഷൻ അപ്പീൽ ഫയൽ ചെയ്യുകയും എച്ച്.എസ്.റ്റി(എൻ.എസ്. ) തസ്തികയിൽ നിലനിൽക്കവെ തസ്തിക നഷ്ടം സംഭവിച്ച് പുറത്തായ ശ്രീ.ജോർജ്ജ് മാത്യു സംരക്ഷിതാദ്ധ്യാപകന്റെ അവകാശത്തോടെ തുടരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത സ്കൂളിൽ യു.പി.എസ്.റ്റി. തസ്തികയിൽ ഉണ്ടായ ഒഴിവിൽ ടിയാനെ തിരികെ വിളിച്ച് നിയമിക്കണമെന്നുള്ള നിലപാട് തള്ളിക്കൊണ്ട് മതിയായ എണ്ണം കുട്ടികളുള്ള സ്കൂളാണെന്ന് ഉറപ്പ് വരുത്തിയ ശേഷം 01/06/2017 മുതലുള്ള ശ്രീമതി നിഷ ആർ.ന്റെ യു.പി.എസ്.റ്റി. തസ്തികയിലെ നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നൽകാൻ 28/11/2019-ലെ സ.ഉ.(സാധാ) നമ്പർ 5188/2019/പൊ. വി.വ. പ്രകാരം ഉത്തരവാകുകയുണ്ടായി.

**5.** മേൽ സർക്കാർ ഉത്തരവിന് ശേഷമാണ് ടി സ്കൂളിലെ മലയാളം സമാന്തര ഡിവിഷനുകളിലെ ശ്രീമതി.നിഷയുടെ എച്ച്.എസ്.റ്റി. (ഗണിതം) തസ്തികയിലെ നിയമനം ഉൾപ്പെടെ അംഗീകരിച്ച് നൽകിയത്. ഈ സമാന്തര ഡിവിഷനുകളിൽ യു.പി.എസ്.റ്റി.മാരായി 01/06/2011 മുതൽ നിയമിതരായ ശ്രീമതി റെയ്ച്ചൽ സി.വി.യും ശ്രീമതി ലതിക കെ.യും യു.പി.എസ്.റ്റി. തസ്തികയിൽ ചട്ടം 51 എ അവകാശികളാണ്. അതിനാൽ തന്നെ 01/06/2017-ലെ യു.പി.എസ്.റ്റി. ഒഴിവിൽ ഇവരെയാണ് പരിഗണിക്കേണ്ടിയിരുന്നത്. ടി സ്കൂളിലെ തന്നെ യു.പി.എസ്.റ്റി. ആയ ശ്രീമതി.അനില ബി.യുടെ വിരമിക്കൽ ഒഴിവിൽ ശ്രീമതി.റെയ്ച്ചൽ സി.വി.യെ 15/07/2021 മുതൽ നിയമിച്ച് മാനേജർ പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും 01/06/2017-ലെ നിയമനത്തിനാണ് ടിയാരിയെ പരിഗണിക്കേണ്ടതെന്ന് ചൂണ്ടിക്കാട്ടി പ്രൊപ്പോസൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് നിരസിച്ചിട്ടുള്ളതുമാണ്. 51എ അവകാശികളായ യു.പി.എസ്.റ്റി.മാരുള്ളതിനാലും ശ്രീമതി.നിഷക്ക് 01/06/2011 മുതൽ 14/07/2014 വരെ എച്ച്.എസ്.റ്റി.(ഗണിതം) തസ്തികയിൽ നിയമനാംഗീകാരം ലഭിച്ചതിനാൽ സംരക്ഷണത്തിന് അർഹതയുള്ളതിനാലും 01/06/2017 മുതലുള്ള ശ്രീമതി നിഷ ആർ.ന്റെ യു.പി.എസ്.റ്റി. തസ്തികയിലെ നിയമനം അംഗീകരിക്കാനാവില്ല. മാത്രവുമല്ല, ശ്രീമതി നിഷയ്ക്ക് സംരക്ഷണമുള്ളതിനാൽ ഇപ്പോൾ എസ്.എസ്.കെ.യിൽ പുനർവിന്യസിച്ചിട്ടുമുണ്ട്. അതിനാൽ ശ്രീമതി.ആർ. നിഷയുടെ 01.06.2017 മുതൽ ഉള്ള യു.പി.എസ്.റ്റി നിയമനം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് ടിയാളും മാനേജരും സമർപ്പിച്ച ഹർജികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ , കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര

ശ്രീമതി. നിഷ ആർ. യു.പി.എസ്സ്.റ്റി , വി.എസ്സ്. എച്ച്. എസ്സ്, എഴുകോൺ, കൊല്ലം

മാനേജർ, വി.എസ്സ്. എച്ച്. എസ്സ്, എഴുകോൺ, കൊല്ലം

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 24-04-2023 16:32:46

സെക്ഷൻ ഓഫീസർ